# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4821** **27/10/2016 ൽ മറുപടി**

### എൽ.പി., യു.പി. സ്കൂളുകളിൽ ഐ.ടി. പഠനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിൽ ഐ.ടി. പഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | നേരത്തെ ഈ മേഖലയിൽ ഈ വിഷയത്തിൽ പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നോയെന്ന് വിശദമാക്കാമോ; | (ബി) യും (സി) യും | ഉണ്ടായിരുന്നു. അപ്പർ പ്രൈമറി തലത്തിൽ 2009-10 മുതലും പ്രൈമറി തലത്തിൽ 2012-13 മുതലും ഐ.സി.ടി. പഠനം നടപ്പിലാക്കുന്നതിന് പ്രത്യേക പാഠപുസ്തകം/ സഹായപുസ്തകവും പഠനപ്രവർത്തനങ്ങളും നടപ്പിലാക്കിയിരുന്നു. എന്നാൽ 2013-14 അദ്ധ്യയന വർഷം മുതൽ പ്രസ്തുത പാഠപുസ്തകങ്ങൾ സ്കൂളുകൾക്കോ വിദ്യാർത്ഥികൾക്കോ വിതരണം ചെയ്യുന്നില്ല. പ്രൈമറി ക്ലാസുകളിലെ ഐ.സി.ടി. പഠനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇപ്പോൾ ലോവർ പ്രൈമറി ക്ലാസുകളിലേക്ക് പ്രത്യേക പാഠപുസ്തകം 'കളിപ്പെട്ടി', എല്ലാ അദ്ധ്യാപകർക്കും ഐ.സി.ടി. പരിശീലനം, എല്ലാ പ്രൈമറി സ്കൂളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് തുടങ്ങിയവ കേരളപ്പിറവി ദിനത്തിൽ തന്നെ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഐ.ടി. പഠനത്തിന് വേണ്ടി എൽ.പി., യു.പി. വിഭാഗങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ